LIBRARY ARCHIVES Kerala Legislative Assembly

വിധവ അഗതി വാർദ്ധക്യകാല പെൻഷനുകൾ

49 [1254] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിധവ അഗതി വാർദ്ധക്യകാല പെൻഷനുകൾ എത്രപേർക്ക് വീതമാണ് നൽകിവരുന്നത് ;

(ബി) ഓരോ വിഭാഗത്തിനും നൽകുന്ന പെൻഷൻ തുക എത്രയാണ് ;

(സി) ആകെ എത്ര തുകയാണ് ഈ വിഭാഗങ്ങൾക്കായി പെൻഷൻ ഇനത്തിൽ നൽകുന്നത് ;

(ഡി) എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയായി നൽകാനുള്ളത് ;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ അഗതി (വിധവ) പെൻഷൻ 231892 പേർക്കും വാർദ്ധക്യകാല പെൻഷൻ 130469 പേർക്കുമാണ് നൽകി വരുന്നത്.

(ബി) ഓരോ വിഭാഗത്തിനും പ്രതിമാസം 110 രൂപ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത്.

(സി) അഗതി (വിധവ) പെൻഷന് 3249.19 ലക്ഷം രൂപയും വാർദ്ധക്യകാല പെൻഷൻ 1803.19 ലക്ഷം രൂപയുമാണ് ഒരു വർഷം നൽകുന്നത്.

(ഡി) 2005 മാർച്ച് മാസം വരെയുള്ള കാലയളവിലേക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) സർക്കാരിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് തുക വർദ്ധിപ്പിക്കുവാൻ കഴിയില്ല.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ

50 [1255] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ നേരിട്ടും സർക്കാരിന്റെ സഹായത്തോടുകൂടിയും ഉള്ള എത്ര അനാഥമന്ദിരങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;